LIBRARY ARCHIVES Kerala Legislative Assembly

ജലസമൃദ്ധ കേരളം പദ്ധതി

10 (*520) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ ഒന്നായി ഉൾപ്പെടുത്തിയിരുന്ന ജലസമൃദ്ധ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) "ജലസമൃദ്ധ കേരളം പദ്ധതി" 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ജലദൗർലഭ്യം തടയുന്നതിനായി മഴവെള്ളം ശേഖരിച്ചുവയ്ക്കുന്നതോടൊപ്പം ജലം ഭൂമിയിൽത്തന്നെ പിടിച്ചുനിർത്തുന്നതിനുമായി ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി യാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

സ്കൂൾ ഹെൽത്ത് പദ്ധതി

11 (*521) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയാന്തരീക്ഷം ആരോഗ്യപൂർണ്ണമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) കുട്ടികളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാണപ്പെടുന്ന വിവിധ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;